ഉത്തരം

(എ) ഉണ്ട്.

(ബി) 11-1-1996-ലെ സ.ഉ.(ആർ.ടി.)നം.53/96/ഇറിഗേഷൻ, 5/2/1997 -ലെ സ.ഉ.(എം.എസ്സ്.)നം.18/97/ഇറിഗേഷൻ എന്നീ ഉത്തരവുകൾ പ്രകാരം മുല്ലപ്പെരിയാർ ഡാമിലെ ജലവിതാനം 136 അടിയിൽ കൂടുതൽ ഉയർത്തുന്നതിലുള്ള സാങ്കേതിക വശങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് ചെയ്യുവാൻ രണ്ടംഗ സാങ്കേതിക കമ്മിറ്റിയെ നിയോഗിച്ചു. ഡാമിന്റെ സുരക്ഷിതത്വം കണക്കിലെടുത്ത് ജലനിരപ്പ് 136 അടിയോ അതിന് താഴെയോ ആക്കി നിലനിറുത്തണമെന്നാണ് പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുള്ളത്. 13-8-1998-ൽ തിരുവനന്തപുരത്ത് വച്ചു നടന്ന മന്ത്രിതല ചർച്ചയിലെ തീരുമാനപ്രകാരം ഇരു സംസ്ഥാനങ്ങളും വെവ്വേറെ സാങ്കേതിക കമ്മിറ്റികൾ രൂപീകരിക്കുകയും, അവർ തയ്യാറാക്കിയ റിപ്പോർട്ടുകൾ 28-1-2000-ൽ തിരുവനന്തപുരത്തു വച്ച് പരസ്പരം കൈമാറുകയുണ്ടായി.

(സി)&(ഡി) രണ്ടംഗ സാങ്കേതിക കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സെൻട്രൽ വാട്ടർ കമ്മിഷനു നൽകണമെന്ന് തമിഴ്നാട് ആവശ്യപ്പെട്ടെങ്കിലും, അതിന്റെ ആവശ്യമില്ലെന്ന് കണ്ടതിനാൽ നൽകിയിട്ടില്ല.

(ഇ)(എഫ്),(ജി)&(എച്ച്) ഇല്ല. കേരളത്തിലൂടെ ഒഴുകുന്ന നദികളിലുള്ള ജലം സംസ്ഥാനത്തിന്റെ ആവശ്യത്തിന് പരമാവധി പ്രയോജനപ്പെടുത്തുവാനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

(ഐ)(ജെ)&(കെ) കേരളത്തിലെ വിവിധ നദികളിൽനിന്നും കടലിലേയ്ക്ക് പതിക്കുന്ന ജലത്തിന്റെ അളവു സംബന്ധിച്ച് പ്രത്യേക പഠനങ്ങളൊന്നും നടത്തിയിട്ടില്ല. എങ്കിലും കേരളത്തിലൂടെ ഒഴുകുന്ന നദികളിലുള്ള ജലം സംസ്ഥാനത്തിന്റെ ആവശ്യത്തിന് പരമാവധി പ്രയോജനപ്പെടുത്തുവാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്.

51 (2361) ദേശീയ ജലപാത

ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലപാത കോവളം വരെ ദീർഘിപ്പിക്കുന്നതിന് നടപടി ആയിട്ടുണ്ടോ;

(ബി) കൊല്ലം-കോവളം ജലപാതയുടെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ദേശീയ ജലപാത-3 തെക്കോട്ട് കോവളം വരെയും വടക്കോട്ട് കാസർഗോഡ് വരെയും നീട്ടുന്നതിനുവേണ്ടിയുള്ള സാദ്ധ്യതാ പഠന റിപ്പോർട്ട് ഇൻലാന്റ് വാട്ടർ വേയ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ ആവശ്യപ്രകാരം തയ്യാറാക്കുകയും പ്രസ്തുത റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി ഉപരിതല ഗതാഗത മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കൊല്ലം-കോവളം ജലപാതയുടെ പുനരുദ്ധാരണത്തിനുവേണ്ടി ഏകദേശം 40 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന ഒരു പ്രോജക്ട് റിപ്പോർട്ട്

LIBRARY ARCHIVES Kerala Legislative Assembly

തയ്യാറാക്കി ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി സാമ്പത്തികസഹായം നേടിയെടുക്കാനായി നബാർഡിന് സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടുത്ത സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കത്തക്കവിധത്തിലുള്ള ഒരു പദ്ധതിക്ക് രൂപംനൽകിയിട്ടുണ്ട്.

52 (2362) പോലീസ് ക്വാർട്ടേഴ്സ് അനുവദിക്കാൻ നടപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വികാസ്ഭവന് സമീപമുള്ള പോലീസ് ക്വാർട്ടേഴ്സിൽ പുതിയതായി നിർമ്മിച്ചതും ഇനിയും ആവശ്യക്കാർക്ക് അലോട്ട് ചെയ്യാത്തതുമായ 32 വീടുകൾ എത്രയും വേഗം അർഹരായ പോലീസുകാർക്ക് നൽകുവാൻവേണ്ട നടപടികൾ സ്വീകരിക്കുമോ;

(ബി) പോലീസ് ക്വാർട്ടേഴ്സുകൾ അനുവദിക്കുന്ന അധികാരിയായ തിരുവനന്തപുരം സിറ്റി പോലീസ് കമ്മിഷണർ, അപേക്ഷകരുടെ സീനിയോറിറ്റി ലിസ്റ്റ് പരമരഹസ്യമായി സൂക്ഷിയ്ക്കേണ്ടതുണ്ടോ;

(സി) ഇക്കാര്യത്തിൽ സുതാര്യത പുലർത്തുവാനും വർഷംതോറും ലിസ്റ്റ് പ്രസിദ്ധീകരിക്കുവാനും നിർദ്ദേശിക്കുമോ;

(ഡി) സീനിയോറിറ്റി ലിസ്റ്റ് മറികടക്കാതെതന്നെ ക്വാർട്ടേഴ്സുകൾ അർഹരും അനുയോജ്യരും ആയ പോലീസ് കോൺസ്റ്റബിൾമാർക്ക് ലഭിക്കുവാൻവേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇതിലേയ്ക്കായി നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ക്വാർട്ടേഴ്സ് അനുവദിക്കുന്നതിന് 1996-ൽ പ്രസിദ്ധീകരിച്ച സീനിയോറിറ്റി ലിസ്റ്റിന്റെ പകർപ്പ് എല്ലാ യൂണിറ്റുകളിലും പ്രസിദ്ധീകരണത്തിന് നൽകിയിട്ടുണ്ട്.

(സി) ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) അപേക്ഷകരുടെ സീനിയോറിറ്റി അനുസരിച്ച് ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

53 (2363) സി.ഐ.മാരുടെ വേക്കൻസികൾ

ശ്രീ. ആന്റണി രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിൽ ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിൽ സി.ഐ. മാരുടെ എത്ര വേക്കൻസികളാണുള്ളത്;

(ബി) ഇവ നികത്തുന്നതിന് എന്തു നടപടി സ്വീകരിച്ചു;

(സി) എസ്.ഐ.മാർക്ക് പ്രൊമോഷൻ നൽകുന്നതിനുവേണ്ടി ഡി.പി.സി. കൂടുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് കൂടുവാനാണ് തീരുമാനിച്ചിരിക്കുന്നത്;

(ഡി) ഡി.പി.സി. കൂട്ടുവാൻ തീരുമാനിച്ചിട്ടില്ലെങ്കിൽ അടിയന്തിരമായി ഡി.പി.സി. കൂട്ടുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly